Reg. No.............................................. Name.............................................. **22U307-S**

# B A/B.Sc. DEGREE END SEMESTER EXAMINATION - OCTOBER 2022

## SEMESTER - 3: MALAYALAM (ADDITIONAL LANGUAGE)

## COURSE : 15U3CCMAL3A – ARANGUM PORULUM

*(Common for Supplementary 2015/2016/2017/2018 Admissions)*

Time: Three Hours Max Marks: 75

എ വിഭാഗം

ഒറ്റവാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക

1. 'ചലച്ചിത്രമാധ്യമത്തിന്റെ തനിമയ്ക്കു വിരുദ്ധമാണ് അനുരൂപണം' ആരുടെ വാക്കുകൾ?
2. രാജസേവ പരമപുരുഷാർത്ഥമായി സ്വീകരിച്ചിട്ടുള്ള കൂത്ത് ഏതാണ്?
3. 'ഒരു മധ്യവേനൽ പ്രണയരാവ്' ആരുടെ നാടകമാണ്?
4. 'പാവം ഉസ്മാൻ' എന്ന നാടകസമാഹാരം രചിച്ചതാര്?
5. സ്വയംവരം എന്ന സിനിമയുടെ സംവിധായകൻ ആര്
6. കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് ആദ്യമായി നേടിയ മലയാളനോവൽ?
7. 'രാമാനം' എന്ന സിനിമയ്ക്ക് ആധാരമായ നോവൽ ഏതാണ്?
8. പാഥേർ പാഞ്ചാലിയിലെ കുടുംബം നേരിടുന്ന മുഖ്യപ്രശ്നം എന്താണ്?
9. 'ഏഴു രാത്രികൾ' ആരുടെ നാടകമാണ്?
10. കഥകളിയുടെ പൂർവ്വരൂപത്തിന്റെ പേരെന്ത് ?

(1 x 10 = 10)

ബി വിഭാഗം

അരപ്പുറത്തിൽ കവിയാതെ എട്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക

11. വനദേവതകൾ എങ്ങനെയാണ് ശകുന്തളയെ അനുഗ്രഹിച്ചത്?
12. ''കാഴ്ചക്കാർക്കും പത്രക്കാർക്കും ചാനലുകാർക്കും ഈ അതിമനോഹര ദൃശ്യത്തോടായിരിക്കും താൽപ്പര്യം'' ദൃശ്യത്തിന്റെ പ്രത്യേകതയെന്ത്? വ്യക്തമാക്കുക.
13. മൊണ്ടാഷ് സിദ്ധാന്തം വിശദമാക്കുക?
14. "ആരാണ് മുല്ലയ്ക്ക് കാഞ്ഞവെള്ളമൊഴിക്കാൻ പോകുന്നത്?" ആരുടെവാക്കുകൾ? വിവക്ഷിതം വ്യക്തമാക്കുക.
15. അഭിനേതാക്കൾക്ക് വളരെയധികം സ്വതന്ത്രമായ ഒരിടം നൽകുന്ന നാടകമാണ് 'ഒരു മദ്ധ്യവേനൽ പ്രണയരാവ്'. വിശദമാക്കുക.
16. മനുഷ്യശരീരത്തിന് സിനിമയിൽ ലഭിക്കുന്ന പ്രാധാന്യം എത്രത്തോളമാണ് ?
17. ചെമ്മീൻ സിനിമയിലെ 'മിത്ത്' എന്താണ്?
18. 'എടാ എന്റെ മുഖത്തുനോക്കി പറ.കൈകളിൽ തൊട്ടാൽ ആളറിയാൻ പറ്റുമോ?' ആരാണിങ്ങനെ ചോദിച്ചത്? ചോദിക്കാനുണ്ടായ കാരണം എന്ത്?
19. ''ബന്ധമെന്തെനിക്കേവം സന്താപം വരുവാൻ?'' ഈ ചിന്തയ്ക്ക് അടിസ്ഥാനമെന്ത്?
20. 'അയാളെ ചീത്തയാക്കിയത് നമ്മുടെയാളുകളുതന്നാ. ഓരോ കാര്യസാധ്യത്തിന് കള്ളും പെണ്ണുമൊക്കെ കൊടുത്ത്.." ആരുടെ വാക്കുകൾ? ആരെക്കുറിച്ചാണ് പറയുന്നത്? വിശദമാക്കുക

(2 x 8 = 16)

**സി വിഭാഗം**

**ഒരുപുറത്തിൽ കവിയാതെ ഏതെങ്കിലും അഞ്ചു ചോദ്യത്തിന് ഉത്തരമെഴുതുക**

21. 'ഒരു മധ്യവേനൽ പ്രണയരാവ്' എന്ന നാടകത്തിൽ നേത്രാഞ്ജനത്തിനുള്ള പ്രാധാന്യം വിശദീകരിക്കുക.
22. "ചിന്തിച്ചുനിങ്ങളെയെനിക്കിനിയാധിവേണ്ടാ" ആരുടെവാക്കുകൾ ? കാരണമെന്ത്?
23. ദമയന്തിയെ സ്വന്തമാക്കാൻ കാട്ടാളൻ പറയുന്ന യുക്തികൾ എന്തെല്ലാമാണ്?
24. മലയാള സിനിമയുടെ ചരിത്രത്തിൽ അനുരൂപണങ്ങൾക്ക് ഉണ്ടായിരുന്ന സ്ഥാനം വിവരിക്കുക.
25. സിനിമ ബാഹ്യലോക യാഥാർത്ഥ്യങ്ങളുടെ മാത്രം സൃഷ്ടിയാണെന്ന് കരുതാമോ? വിശദമാക്കുക.
26. ''എങ്ങനെയെന്മതമെന്നാലങ്ങനെയെന്നുറയ്ക്ക നീ.'' സന്ദർഭവും സാരസ്യവും വിശദീകരിക്കുക.
27. നളചരിതം രണ്ടാം ദിവസത്തെ കഥയിൽ പ്രകടമാകുന്ന നാടകീയാംശങ്ങൾ എന്തെല്ലാം?

(5 x 5 = 25)

ഡി വിഭാഗം

രണ്ട് ചോദ്യത്തിന് നാലു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

28. നാടകത്തെപ്പറ്റിയുള്ള നാടകമാണ് 'ഒരുമധ്യവേനൽ പ്രണയരാവ്' എന്ന അഭിപ്രായം ശരിയോ? വിശകലനം ചെയ്യുക.

**അല്ലെങ്കിൽ**

29. അഭിജ്ഞാനശാകുന്തളം' എന്ന നാടകത്തിന്റെ നാലാമങ്കത്തിന് പ്രാധാന്യം നൽകുന്ന ഘടകങ്ങൾ എന്തെല്ലാമാണ്? വിവരിക്കുക.

30. മലയാള സിനിമയിലെ അനുരൂപണങ്ങളെ ചെമ്മീൻ, വിധേയൻ എന്നീ സിനിമകളുടെ പശ്ചാത്തലത്തിൽ വിലയിരുത്തുക.

**അല്ലെങ്കിൽ**

31. വിധിയിൽ വിശ്വാസമർപ്പിക്കുന്നനളന് നേരിടേണ്ടിവരുന്ന പരീക്ഷണങ്ങൾ എന്തെല്ലാമാണ്? രണ്ടാം ദിവസത്തെ കഥയിൽ ഇത് എത്രത്തോളം കാണാം? വിവരിക്കുക.

(12 x 2 = 24)

*********